# Athmaraksha.org

മറ്റു ലേഖനങ്ങൾ

## വിവാഹത്തിനൊരുങ്ങുന്നവരേ ഒരു മുന്നറിയിപ്പ്



വിവാഹം അസാധുവാക്കൽ നടപടി പൂർത്തിയാക്കാതെ പുനർവിവാഹിതരാകുന്നവരും സ്വവർഗപ്രേമികളും കത്തോലിക്കാ സമൂഹത്തിൽ കോളിളക്കം സൃഷ്ടിക്കുന്ന ചർച്ചാ വിഷയമായിരിക്കുന്നു. ദൈവവചനം അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ ഈ രണ്ടു കൂട്ടരും സമൂഹത്തിന്റെ അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്ന രോഗാവസ്ഥയി ലാണെന്നു തിരിച്ചറിയാം. രോഗാതുരമായ ഈ അവസ്ഥയ്ക്കു ചികിത്സ തേടുമ്പോൾ രോഗലക്ഷണങ്ങൾക്ക് മരുന്നന്വേഷിക്കാതെ രോഗത്തിന്റെ മൂലകാരണം കണ്ടെത്തി ചികിത്സ ആരംഭിക്കേണ്ടത് അനിവാര്യമാകുന്നു.

ഉൽപ്പത്തിയിലേക്ക് തിരിഞ്ഞു നോക്കിയാൽ ത്രിത്വമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരു കൂട്ടായ്മയായത് തികച്ചും സ്വാഭാവികമെന്ന് മനസ്സിലാകും. താൻ സൃഷ്ടിച്ചതെല്ലാം നല്ലതെന്നു കണ്ട ദൈവം ഒ ന്നുമാത്രം നന്നല്ല എന്നു കണ്ടു, മനുഷ്യൻ ഏകനായിരിക്കുന്നത്. 'വെടക്കാക്കി തനിക്കാക്കാൻ' ഒരുമ്പെട്ടിറങ്ങിയ സാത്താൻ അവിടെ തുടങ്ങിയതാണ് മനുഷ്യനെ ഒറ്റപ്പെടുത്തി വീഴിക്കാനുള്ള ശ്രമം. ആദ്യ പാപം ഉണ്ടായതുതന്നെ ഈ ഒറ്റപ്പെടലിന്റെ പശ്ചാത്തലത്തിലാണെന്ന് നാമോർക്കണം.

കൂട്ടായ്മ വേറെ, ഒത്തുചേരൽ വേറെ. ശക്തമായ കൂട്ടായ്മയിൽ നിലനിൽക്കുന്ന കുടുംബങ്ങൾ സാത്താന് വെല്ലുവിളിയാണ്. എന്നാൽ, ബാബേലിലേതുപോലെയുള്ള കൂട്ടായ്മയില്ലാത്ത ഒത്തുചേരലുകൾ അവനൊരു പ്രശ്നമല്ല താനും. സ്ത്രീയും പുരുഷനും കുടുംബമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ശക്തമായ കൂട്ടായ്മയെ തകർക്കാൻ സാത്താൻ ആദിമുതലേ ശ്രമിച്ചു; ഇന്നും തുടരുന്നു. ആധുനികകാലത്ത് ജനസംഖ്യാ വിസ്ഫോടനമെന്ന മിഥ്യാധാരണയിലൂടെ അവൻ പണി തുടങ്ങിയപ്പോൾ കുടുംബത്തിനെതിരെയുള്ള പാരയാണിതെന്ന് നാം തിരിച്ചറിഞ്ഞില്ല. എന്നു മാത്രമല്ല, സന്തുഷ്ടകുടുംബം സൃഷ്ടിക്കാനുള്ള ശ്രമമായി തെറ്റിദ്ധരിക്കുകയും ചെയ്തു. അങ്ങിനെ, കുട്ടികളുടെ എണ്ണം ദമ്പതികൾക്കു തീരുമാനിക്കാമെന്നായി. പിന്നെ അതിനുള്ള മാർഗങ്ങൾ മാത്രമായി തർക്കവിഷയം. മനുഷ്യസൃഷ്ടിയിൽ ദൈവത്തിനുള്ള പരമാധികാരം എടുത്തു മാറ്റപ്പെട്ടു. 'കുഞ്ഞുങ്ങൾ ദൈവദാനം' എന്നത് ആക്ഷേപഹാസ്യ മൊഴിയായി. അവർ ദമ്പതികളുടെ ഇച്ഛയുടെ ഉൽപ്പന്നങ്ങളായി.

വിരക്തിയല്ലാതെ മറ്റൊരു വഴിയും ജനനനിയന്ത്രണത്തിനു മാർഗമായി അംഗീകരിക്കാതിരുന്ന ഗാന്ധിജി ദൈവഹിതത്തിൽനിന്ന് ഏറെ അകലെയായിരുന്നില്ല. ദാമ്പത്യത്തിലെ ഈ വിരക്തി 1 കോറി. 7:5 മായി ചേർത്തു വായിക്കേണ്ടതാണ്: 'പ്രാർത്ഥനാജീവിതത്തിനായി ഇരുവരും തീരുമാനിക്കുന്ന കുറെക്കാലത്തേക്കല്ലാതെ പരസ്പരം നൽകേണ്ട അവകാശം നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ചു ചേരുകയും വേണം. അല്ലാത്തപക്ഷം, നിങ്ങളുടെ സംയമനക്കുറവുനിമിത്തം പിശാചു നിങ്ങളെ പ്രലോഭിപ്പിക്കും.' കുഞ്ഞുങ്ങൾ എത്രയെന്നു ദമ്പതികൾക്കു തീരുമാനിക്കാമെങ്കിൽ കുഞ്ഞുങ്ങൾ വേണ്ട എന്നു തീരുമാനിക്കാനും അവർക്കു അധികാരമുണ്ടെന്ന് വരുന്നു. കുഞ്ഞുങ്ങൾ വേണ്ട എന്നു വയ്ക്കാമെങ്കിൽ സ്ത്രീപുരുഷന്മാർ സഹവസിക്കുന്നത് വിവാഹമെന്ന കൂട്ടായ്മയാകുന്നില്ല; പങ്കാളിത്ത ഉടമ്പടി മാത്രമായി അത് മാറുന്നു. പരസ്പര താൽപ്പര്യം നിലനിൽക്കുന്ന അത്രയും കാലമേ അതിനു നിലനിൽപ്പുള്ളൂ. ഉഭയസമ്മതപ്രകാരമോ മുൻകൂർ തീരുമാനിച്ച നിബന്ധനപ്രകാരമോ അതു അവസാനിപ്പിക്കാവുന്നതേയുള്ളൂ. വിവാഹത്തിന്റെ നിർവചനം മനുഷ്യമനസ്സുകളിൽ ഇങ്ങനെയായി മാറുമ്പോൾ കുട്ടികളുള്ളതും കരാർ അവസാനിപ്പിക്കുന്നതിന് ഒരു തടസ്സമല്ല എന്നായിത്തീരും. വിവാഹമോചനങ്ങൾ സർവസാധാരണമാകുന്നത് അങ്ങിനെയാണ്. സമീപകാല ചരിത്രം പരിശോധിച്ചാലും ഈ നിഗമനത്തിന്റെ സാധുതളിയിക്കാവുന്നതേയുള്ളൂ. ജനനനിയന്ത്രണകാര്യത്തിൽ അമേരിക്കയും യൂറോപ്പും വളരെ മുമ്പിലായിരുന്നു.

## സഹനങ്ങളിലൊന്ന് തിരഞ്ഞെടുക്കണം

സ്ത്രീപുരുഷ സഹവാസം പങ്കാളിത്ത ഉടമ്പടി മാത്രമെങ്കിൽ അതു സ്ത്രീപുരുഷന്മാർ തമ്മിൽത്തന്നെ ആവണമെന്ന് എന്തിനു നിർബന്ധിക്കണം? പരസ്പര താൽപ്പര്യമാണല്ലോ പങ്കാളിത്ത ഉടമ്പടിയിൽ പ്രധാനം. സ്വവർഗ വിവാഹത്തിന് സാമൂഹ്യ അംഗീകാരം ലഭിക്കാനിടയാകുന്നത് ഇങ്ങനെയാണ്. രണ്ടു വ്യക്തികൾ തമ്മിൽ മാനസികമായും ശാരീരികമായും ഏറ്റം അടുത്തിടപഴകുന്ന ബന്ധമെന്ന നിലയിൽ വിവാഹം എക്കാലത്തും വെല്ലുവിളി ഉയർത്തിയിരുന്നു. തെറ്റുകളും ബലഹീനതകളുമുള്ള രണ്ടു വ്യക്തികൾക്ക് തെറ്റുകൾ തിരുത്താനും ബലഹീനതകളെ അതിജീവിക്കാനും അങ്ങിനെ പരസ്പര പൂരകമായി പങ്കുവെച്ച് ജീവിക്കാനുമുള്ള പരിശീലന കളരിയാണ് വിവാഹ ജീവിതം. അങ്ങിനെ അതിനെ കാണുന്നവർക്ക് വിജയകരമായ വിവാഹജീവിതം നയിക്കാൻ സാധിക്കും.

എന്നാൽ, അങ്ങിനെ കാണാത്ത വർക്ക് ജീവിതാന്ത്യംവരെ നി ല നിൽക്കുന്ന വിവാഹജീവിതം അ ചിന്ത്യമാവും. മോശയുടെ കാലത്ത് ഇസ്രായേലിൽ അങ്ങിനെയുള്ളവരുടെ മുൻഇക്കം വിവാഹമോചനം അംഗീകരിക്കുന്ന നിയമനിർമാണ ത്തിന് കാരണമായെന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തുന്നു. മത്തായി 19:3-10 നോക്കുക. വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ചു യേശു പഠിപ്പിക്കുമ്പോൾ ശിഷ്യന്മാർ പ്ര തികരിക്കുന്നതും ഇതോട് ചേർത്തുവായിക്കാം: 'ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ, വിവാഹം കഴിക്കാതിരിക്കുന്നതാണല്ലോ ഭേദം.'

വാസ്തവത്തിൽ യേശുവാണ് വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ച് അർത്ഥശങ്കയ്ക്കിടയില്ലാതെ പഠിപ്പിക്കുന്നത്. സഭ അതേറ്റെടുക്കുകയും മാനവസംസ്ക്കാരങ്ങളിലേക്ക് അതിനെ സന്നിവേശിപ്പിക്കുകയും ചെയ്തു. സഭയുടെ ഒരു ഭാഗം അടർന്നു പോകുമെന്ന നിലവന്നപ്പോഴും (ആംഗ്ലിക്കൻ സഭാദ്രുപീകരണം) അതിനെ ഉയർത്തിപ്പിടിച്ചു. ഇതിനർത്ഥം, വിവാഹബന്ധത്തിൽ സഹനം ഉൾച്ചേർന്നിട്ടില്ല എന്നല്ല. ഇനിയൊരിക്കലും ഒരുമിച്ചു പോകാനാവില്ലെന്ന് തിരിച്ചറിയുന്നത്ര വൈരുദ്ധ്യങ്ങളിലേക്ക് അതെത്തിച്ചേരാമെന്നവരെ വചനം മുൻകൂട്ടി കാണുകയും അ തിന് ഉപാധി നിർദേശിക്കുകയും ചെയ്യുന്നു. വേർപിരിയുകയല്ലാതെ മറ്റു മാർഗമില്ലെങ്കിൽ അവർ അവിവാഹിതരെപോലെ ജീവിക്കണം.

1 കോറി. 7:10-11 നോക്കുക: വിവാഹജീവിതത്തിൽ സഹനമുണ്ട്; അവിവാഹിതരെപോലെ ജീവിക്കുന്നതിലും സഹനമുണ്ട്. ഇതിൽ ഒന്നു തിരഞ്ഞെടുക്കാനുള്ള അവസരം മാത്രമാണ് തിരുവചനം നൽകുന്നത്. എന്നാൽ, സഹനത്തെ പൂർണമായും ഒഴിവാക്കാനാണ് ദൈവഹിതപ്രകാരമുള്ള സഹനത്തിന്റെ രക്ഷാകരമൂല്യം മനസ്സിലാക്കാത്ത ആധുനികമനുഷ്യൻ

ആഗ്രഹിക്കുന്നത്. കുരിശുകളില്ലാത്ത, കുരിശുകളെ ഒഴിവാക്കിയുള്ള ജീവിതമല്ല സുവിശേഷം മുന്നോട്ടുവെക്കുന്നത്; കുരിശിനെ അതിജീവിച്ച് ഉയർപ്പിലെത്താനാണ് ആഹ്വാനം. സഹനങ്ങളെ ഒഴിവാക്കി കിരീടം വാഗ്ദാനം ചെയ്യുന്ന സമ്പന്നതയുടെ സുവിശേഷം (പ്രോസ്പിരിറ്റി ഗോ സ്പൽ) സാത്താന്റെ സൃഷ്ടിയാണ്. മരുഭൂമിയിലെ പരീക്ഷയിൽ അവൻ അത് യേശുവിന് ഉപദേശിക്കുന്നത് നാം കാണുന്നു.

ഈ ലോകത്തിലെ സഹനം തന്റെ ശിഷ്യർക്ക് യേശു നൽകിയ വാഗ്ദാനങ്ങളിലൊന്നാണെന്ന് നാം തിരിച്ചറിയണം. (യോഹ.16:33) അങ്ങനെയെങ്കിൽ സഹനത്തെ അതിജീവിക്കാനും അതിലൂടെ ദൈവം വെച്ചുനീട്ടുന്ന സമ്മാനം പ്രാപിക്കാനുമാണ് നാം അവിടുത്തെ സഹായം തേടേണ്ടത്. ജനസംഖ്യാ വിസ്ഫോടനമെന്നപോലെ സ്വവർഗപ്രേമികളുടെ കാര്യത്തിലും അടിസ്ഥാനമില്ലാത്ത മിഥ്യാധാരണ ഉണ്ടാക്കുന്ന കാര്യത്തിൽ സാത്താൻ വിജയിച്ചിരിക്കുന്നു. ജനസംഖ്യയിൽ ചെറിയ ശതമാനം ഹിജഡകളായി ജനിക്കുന്നതുപോലെ (മനുഷ്യർ ഹിജഡകളാക്കുന്നവർ വേറെയുണ്ട്). കുറേപ്പേർ സ്വവർഗപ്രേമികളായി ജനിക്കുന്നു എന്നതാണത്. അതേസമയം ചെറുപ്പകാലത്ത് ലൈംഗീക അതിക്രമങ്ങൾക്കു വിധേയരാകുന്നവരിലും അത്തരം അരുതായ്മകളിലൂടെ കടന്നുപോകുന്നവരിലും സ്വവർഗാനുരാഗ പ്രവണത ഉണ്ടാകുന്നതായി കാണുന്നുണ്ടുതാനും.

സഭയുടെ ശ്രദ്ധാപൂർവമായ പരിചരണത്തിലൂടെ വളരെ ക്ലേശിച്ചാണെങ്കിലും ഈ പ്രവണതയിൽനിന്ന് വിമുക്തരായവരുമുണ്ട്. ഇനിയുമതല്ല, ജനിതക കാരണങ്ങളാൽ ചെറിയൊരു ശതമാനംപേർ ഇങ്ങനെയൊരു പ്രവണതയിലേക്ക് വരുന്നുണ്ടെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാലും അതിനെ അതിജീവിക്കാനല്ലേ സമൂഹം അവരെ സഹായിക്കേണ്ടതും പരിശീലിപ്പിക്കേണ്ടതും?. മോഷണപ്രവണത ഒരു രോഗമെന്നനിലയിൽ ചിലരിൽ കാണപ്പെടുന്നു. സമൂഹം അവർക്കു മോ ഷണത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കുകയോ മോഷണം കുറ്റകൃത്യമല്ലെന്നു പ്രഖ്യാപിക്കുകയോ അല്ലല്ലോ ചെയ്യേണ്ടത്. ആ രോഗത്തിൽനിന്ന് മോചനത്തിന് സാധ്യമായതെല്ലാം ചെയ്തുകൊടുക്കുകയും ഇതിനെ അതിജീവിക്കാൻ അയാളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയുമല്ലേ വേണ്ടത്?

### സഭയ്ക്കുമുന്നിൽ ഒരൊറ്റ മാർഗം

ഇത്തരം തിന്മകളുടെ കാരണത്തെക്കുറിച്ച് വചനം പറയുന്നു: 'അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്വപ്പെടുത്തുകയോ അവിടുത്തേക്ക് നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല, മറിച്ച് അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടു പോവുകയും ചെയ്തു.... ഇക്കാരണത്താൽ ദൈവം അവരെ നിന്ദ്യമായ വികാരങ്ങൾക്കു വിട്ടുകൊടുത്തു. അവരുടെ സ്ത്രീകൾ സ്വാഭാവികബന്ധങ്ങൾക്കു പകരം പ്രകൃതിവിരുദ്ധബന്ധങ്ങളിലേർപ്പെട്ടു. അതുപോലെ പുരുഷന്മാർ സ്ത്രീകളുമായുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കുകയും പരസ്പരാസക്തിയാൽ ജ്വലിച്ച് അന്യോന്യം ലജ്ജാകരകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ തെറ്റിന് അർഹമായ ശിക്ഷ അവർക്ക് ലഭിച്ചു. ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി അവർ കരുതിയത് നിമിത്തം അധമ വികാരത്തിനും അനുചിതപ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു.' (റോമ. 1:21-28)

തെറ്റിനെ ശരിയെന്നു പറയുക ദൈ വത്തിന്റെ സ്വഭാവമല്ല. ആദിമനുഷ്യന്റെ പാപത്തിലൂടെ മനുഷ്യകുലം മുഴുവനും പാപഗ്രസ്തമാവുകയും പ്രപഞ്ചമപ്പാടെ ജീർണതയ്ക്ക് അടിപ്പെടുകയും ചെയ്തിട്ടും മുൻകാല പ്രാബല്യത്തോടെ തെറ്റിനെ ശരിയാക്കുകയല്ല ദൈവം ചെയ്തത്. ക്ലേശകരവും സങ്കീർണവുമായ പദ്ധതിയിലൂടെ എങ്കിലും അവന് തിരിച്ചു വരാനുള്ള വഴിയൊരുക്കുകയാണ് ദൈവം ചെയ്തത്. അതിനപ്പുറമൊ ന്നും സഭയ്ക്കും ചെയ്യാനാവില്ല. പാപത്തെ വെറുത്തുകൊണ്ടു പാപിയെ സ്നേഹിക്കുകയും അവന്റെ മാനസ്സാന്തരത്തിനും തിരിച്ചുവരവിനുമായി പ്രാർത്ഥനയോടെ കാത്തിരിക്കുകയും വഴിയൊരുക്കുകയുമേ സഭയ്ക്ക് കരണീയമായുള്ളൂ.

കടപ്പാട്: ജോർജ് ഗ്ലോറിയ
us.sundayshalom.com/